**<u>ബ്രിക്സ് നതോക്കളുടെ അനൌദ്യോഗിക യോഗം ഹാംബര്ഗില്</u>**

ജൂലൈ 07, 2017

ജര്മനിയിലെ ഹാംബര്ഗില് നടക്കുന്ന ജി 20 ഉച്ചകോടിക്കിടെ അഞ്ചു ബ്രിക്സ് രാജ്യങ്ങളുടെ തലവന്മാര് അനൌദ്യോഗിക യോഗം ചേര്ന്നു . സെപ്തംബറില് ചൈനയിലെ ഷിയാമെന്നില് നടക്കുവാനിരിക്കുന്ന ഒന്പതാമത് ബ്രിക്സ് ഉച്ചകോടിയെ കുറിച്ച് ചര്ച്ച ചെയ്യുന്നതിനായിരുന്നു യോഗം . ബ്രിക്സ് നതോക്കളെ സ്വാഗതം ചെയ്യുവാന് താന് കാത്തിരിക്കുന്നു എന്ന് ചൈനയുടെ പ്രസിഡണ്ട് ഷി പറഞ്ഞു

നടക്കുവാനിരിക്കുന്ന ഷിയാമനെ ബ്രിക്സ് ഉച്ചകോടിയിലെ മുന്ഗണനകളെയും തയാറെടുപ്പുകളെയും കുറിച്ച് യോഗത്തില് നതോക്കള് ചര്ച്ച ചെയ്തു

ബ്രിക്സിന് ഒരു ശക്തമായ ശബ്ദമുണ്ട് അതിനാല് ഭീകരവാദത്തിനെതിരെയും , ആഗോള സാമ്പത്തികമേഖലയിലും അതിന്റെ നേതൃത്വഗുണം ലോകത്തിനു കാണിച്ചു കൊടുക്കണം എന്ന് പ്രധാനമന്ത്രി സൂചിപ്പിച്ചു. ഭീകരവാദത്തെ സാമ്പത്തികമായി സഹായിക്കുന്നത്, അവയുടെ വ്യവഹാരം, അവരുടെ സുരക്ഷാ താവളങ്ങള് , അതിനുള്ള പിന്തുണ , ഭീകരവാദത്തെ സ്പോണ്സര് ചെയ്യുന്നവര് എന്നിവയെ ജി 20 കൂട്ടായി എതിര്ക്കണം എന്ന് അദ്ദഹേം പറഞ്ഞു .

ചരക്ക് സേവന നികുതി ആരംഭിച്ചത് ഉള്പ്പടെ ഇന്ത്യയിലെ അടുത്ത കാലത്തെ പരിഷ്കാരങ്ങളെ കുറിച്ച് പരാമര്ശിക്കവേ സുസ്ഥിരമായ ആഗോള സാമ്പത്തിക പുന:പ്രാപ്തിക്കു വേണ്ടി ഒരുമിച്ചു പ്രവര്ത്തിക്കണ്ടേത് വളരെ ആവശ്യമാണെന്ന് പ്രധാനമന്ത്രി പറഞ്ഞു . വ്യാപാരം, വിവരസാങ്കതേിക മേഖലകളിലെ പ്രോഫെഷനലുകളുടെ തൊഴില്പരമായ നീക്കം തുടങ്ങിയ കാര്യങ്ങളില് നിരോധനം പോലുള്ള പ്രവണതകള് ഉണ്ടാകുന്നതിനെതിരെ കൂട്ടായ ശബ്ദം ഉണ്ടാകണമെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു . പാരിസ് കരാര് രൂപത്തിലും ഉള്ളടക്കത്തിലും നടപ്പാക്കുന്നതില് ഇന്ത്യയുടെ പ്രതിബദ്ധത അദ്ദഹേം ആവര്ത്തിച്ചു പറഞ്ഞു അതോടൊപ്പം കാലാവസ്ഥാ വ്യതിയാനത്തെ ചെറുത്തു നില്ക്കുവാന് അത് ആഗോള തലത്തില് നടപ്പാക്കണ്ടേതിലെ ആവശ്യകതയെ കുറിച്ച് അദ്ദഹേം വിശദീകരിച്ചു . ബ്രിക്സ് റേറ്റിംഗ് ഏജന്സി സ്ഥാപിക്കുവാന് ത്വരിത പ്രവര്ത്തനത്തിന് അദ്ദഹേം ആവശ്യപ്പെടുകയും ആഫ്രിക്കയുടെ വികസനത്തിനുള്ള സഹകരണത്തിന് മുന്ഗണന നല്കുക വേണമെന്നും സൂചിപ്പിച്ചു. ജനങ്ങള് തമ്മിലുള്ള വിനിമയം വര്ദ്ധിപ്പിക്കുവാന് അദ്ദഹേം ആഹ്വാനം ചെയ്തു

പ്രസിഡണ്ട് ഷിയുടെ അധ്യക്ഷതക്ക് പദവിയ്ക്ക് കീഴില് ബ്രിക്സ് കൂട്ടായ്മ കൈവരിച്ച ഊര്ജ്വസ്വലതയെ പ്രധാനമന്ത്രി അഭിനന്ദിച്ചു , ഷിയാമെന്നില് നടക്കുവാന് പോകുന്ന ബ്രിക്സ് ഉച്ചകോടിക്ക് പൂര്ണ സഹകരണവും ആശംസകളും അറിയിച്ചു

പ്രധാനമന്ത്രിയുടെ വാക്കുകള്ക്ക് തൊട്ടു പിന്നാലെ യോഗം അവസാനിക്കുന്നതിനു മുന്പായി 2016 ലെ ഗോവ ഉച്ചകോടിയുടെ ഫലങ്ങളെയും ഇന്ത്യ അധ്യക്ഷത വഹിച്ചപ്പോള് ബ്രിക്സ് കൂട്ടായ്മയില് ഉണ്ടായിരുന്ന മികവിനെയും തീവ്രവാദത്തിനെതിരെയുള്ള ഇന്ത്യയുടെ ശക്തമായ നിലപാടിനെയും പ്രസിഡണ്ട് ഷി അഭിനന്ദിച്ചു . ഇന്ത്യയുടെ സാമൂഹ്യ
വികസനത്തെയും സാമ്പത്തികത്തെയും അദ്ദേഹം അഭിനന്ദിക്കുകയും ഇന്ത്യക്ക് വലിയ നേട്ടങ്ങള് ഉണ്ടാകട്ടെ എന്നും ആശംസിച്ചു

ന്യൂ ഡെല്ഹി
7 ജൂലൈ 2017